പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : * 742

15.07.2014-ൽ മറുപടിയ്ക്ക്

# കാര്യക്ഷമമായ പോലീസ് കമ്മീഷണറേറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. പാലോട് രവി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) നഗരങ്ങളിൽ പൂർണ്ണമായും ശാക്തീകരിച്ച പോലീസ് കമ്മീഷണറേറ്റ് സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | : (എ) ജനസംഖ്യയിൽ താരതമ്യേന മുൻപന്തിയിൽ നിൽക്കുന്നതും, വളരെ കൂടുതൽ ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടി വരുന്നതുമായ തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ മെട്രോ പോളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നതിന് കേരളാ പോലീസ് ആക്ട് 2011 ലെ സെക്ഷൻ 15 (2), 15 (3) & 15 (4) എന്നിവയുടെ അടിസ്ഥാനത്തിൽ 29.01.2013 ലെ ജി.ഒ (എം.എസ്) നമ്പർ 29 /2013/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ ഇതിനായുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | : (ബി) തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ക്രമസമാധാന പ്രശ്നങ്ങൾ കൂടുതൽ വൈദഗ്ദ്ധ്യത്തോടെയും ഉത്തരവാദിത്വത്തോടെയും അധികാരത്തോടെയും ഫലപ്രദമായി കൈകാര്യം ചെയ്യുക, പ്രസ്തുത നഗരങ്ങളുടെ സുരക്ഷ ശക്തിപ്പെടുത്തുക, ട്രാഫിക് പരിപാലനം സുഗമമാക്കുക എന്നിവയാണ് പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | : (സി) പോലീസ് കമ്മീഷണറേറ്റ് സംവിധാനം നടപ്പിലാക്കുന്ന നഗരങ്ങളിൽ മെഗാസിറ്റി പോലീസിംഗിന്റെ ഭാഗമായി കേന്ദ്ര സഹായം അനുവദിക്കുന്നുണ്ട്. |

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

: (ഡി) തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ കമ്മീഷണറേറ്റ് സംവിധാനം നടപ്പാക്കുന്നതിനായി പ്രസ്തുത നഗരങ്ങളെ മെട്രോ പൊലിറ്റൻ പ്രദേശമായി പ്രഖ്യാപിക്കുകയും അവിടത്തെ പോലീസ് കമ്മീഷണർമാരുടെ അധികാരം നിശ്ചയിക്കുകയും ചെയ്യേണ്ടതുണ്ട്. അതിനായുള്ള നിയമസാധുതയും മറ്റും സർക്കാർ വിശദമായി ~~സർക്കാർ~~ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ